UNSTARRED QUESTIONS & ANSWERS

പേവാർഡിലെ മുറി

124 [1] ശ്രീ. ഇടിക്കുള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം മെഡിക്കൽകോളേജു് ആശുപത്രിയിൽ പേവാർഡിലെ മുറി കഴുകി മലിനജലം പുറത്തേക്കു കളയുന്നതിനു് എല്ലാ മുറിക്കും പുറത്തേക്കു് ഓവുണ്ടോ ? ഇല്ലെങ്കിൽ അതിനു വേണ്ട നടപടി ഉടൻ എടുക്കുമോ ?

ഉത്തരം

എല്ലാമുറികൾക്കും ഓവില്ല പക്ഷെ മുറികളെല്ലാം വൃത്തിയായി കഴുകുന്നതിനും തുടച്ചു വൃത്തിയാക്കുന്നതിനും വേണ്ട ഏർപ്പാടു ചെയ്തിട്ടുണ്ടു്.

മെഡിക്കൽകോളേജാശുപത്രിയിലെ പേവാർഡിലെ കുളിമുറി

125 [2] ശ്രീ. ഇടിക്കുള : താഴെ കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിലെ പേവാർഡിലുള്ള രോഗികൾക്കു് കുളിക്കുന്നതിനുള്ള കുളിമുറിയിൽ മുണ്ടു തൂക്കിയിടുന്നതിനും സോപ്പു്, ബ്രഷു് മുതലായവ വയ്ക്കുന്നതിനും ഇപ്പോൾ യാതൊരു സൗകര്യവും ചെയ്തിട്ടില്ലെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഉത്തരം

കുളിമുറികളിൽ വേണ്ട സൗകര്യം ചെയ്തിട്ടുണ്ടു്.

മട്ടാഞ്ചേരി സീഷോർ റോഡു്

126 [3] ശ്രീ. കെ. ഹസ്സൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

ഉത്തരം

(എ) മട്ടാഞ്ചേരി സീഷോർറോഡിന്റെ പ്ലാനും മറ്റും തയ്യാറാക്കിയിട്ടു് എത്രകാലമായി ?

(ബി) ടി റോഡു് പണിയാരംഭിക്കുന്നതിനു് ഗവണ്മെൻറു് വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ?

(സി) ഉണ്ടെങ്കിൽ എന്നത്തേക്കു് ആരംഭിക്കും ?

ഉത്തരം

(എ, ബി, സി) മട്ടാഞ്ചേരി സീഷോർ റോഡിനു് ഒരു പ്രത്യേക സ്കീമൊന്നും ഇല്ല. മട്ടാഞ്ചേരി ഫോർഷോർ റിക്ലമേഷൻ സ്കീം എന്നു ഒന്നുണ്ടു്. ഈ സ്കീം പ്രകാരം നികത്തി എടുക്കുന്നസ്ഥലം ഉപയോഗപ്പെടുത്തുവാനുള്ള പദ്ധതിയിൽ കായലോരത്തുകൂടി പുതിയ റോഡുണ്ടാകുന്ന കാര്യവും ഉൾപ്പെട്ടിയിട്ടുണ്ടു്. ഈ സ്കീം 1956-ൽ തയ്യാറാക്കിയതാണെങ്കിലും അതിന്റെ മോഡൽ സ്റ്റഡീസു് പുനരാവിസർച്ചു് സ്റ്റേഷനിൽ നടത്തിവരുന്നതേ ഉള്ളു. അതുകൊണ്ടു് പണി എപ്പോൾ ആരംഭിക്കുമെന്നു പറയുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly